# INTERNATIONAL INDIAN SCHOOL DAMMAM

## GSS

## ANNUAL PRACTICE PAPER ( 2023 – 2024 )

**CLASS : X** **SUB : MALAYALAM**

**I.** ഒറ്റ വാക്കിൽ ഉത്തരമെഴുതുക

1. "എന്റെ തപസ്സിന്റെയും സത്യത്തിന്റെയും വീര്യം നരാധമാ നീ കണ്ടുകൊൾക'.'

   a. ആരാണ് ഇപ്രകാരം പറയുന്നത് ?

   b. ഇതിൽ പരാമർശിക്കുന്ന നരാധമൻ ആര് ?

2. "മലരിൻ കൂട നിറച്ചു വിറച്ചേ

   നിൽക്കുകയല്ലോ മേടുകൾതോറും.''

   a. മലരിൻകൂട നിറച്ചു നിൽക്കുന്നത് ആരെ സ്വീകരിക്കാൻ വേണ്ടിയാണ് ?

   b. ഏത് കൃതിയിൽ നിന്നെടുത്ത വരികളാണിത്

3. "വീട്ടാത്ത കടങ്ങൾ പടച്ചോന്റെ സൂക്ഷിപ്പുകളാണ്.''

   a. ആർക്ക് ആരാണ് കടങ്ങൾ വീട്ടാനുള്ളത്?

   b. ഈ പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു?

4. "ഏകാന്തചേതസാചെയ്കവേണ്ടുന്നതും''

   a. ഏകാന്തചേതസസ്സായി ചെയ്യേണ്ടതെന്താണ്?

   b. ഏതുകൃതിയിൽ നിന്നെടുത്തതാണ് ഈ വരികൾ?

5. "ഇന്നു ഞാൻ സർവ പാഞ്ചാലരേയും വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും''

   a. ഇങ്ങനെ പ്രഖ്യാപിക്കുന്നത് ആരാണ് ?

   b. കാലനൂർ പൂകിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

6. "റേഡിയോടെ പിന്നില് നോക്ക്യാ അറിയാം''

   a. റേഡിയോടെ പിന്നിൽ നോക്കിയാൽ എന്താണ്കാണാൻ കഴിയുന്നത്?

   b. റേഡിയോയിലെ ഏതു പരിപാടി കേൾക്കാനാണ് ചാക്കുണ്ണി ചെമ്പുമത്തായിയുടെ വീട്ടിലെത്തിയത്?

7. "നല്ലതിഥി നമുക്കിനിയാരിതുപോലെ ''

   a. നമ്മുടെ നല്ലതിഥി ആരാണ് ?

   b. നല്ലതിഥിയെ സ്വീകരിക്കുന്നതിനുവേണ്ടി ആർപ്പുവിളിക്കാൻ ആരോടാണ്

പറയുന്നത് ?

8.“ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേശുകതന്നെ ചെയ്യും. അതിനെ രക്ഷിക്കാമെന്നു കരുതേണ്ട”

a. ആരുടെ വാക്കുകൾ ?

b. ആരുടെ ഗർഭസ്ഥശിശുവിനെ രക്ഷിക്കാമെന്ന് കരുതേണ്ട എന്നാണ് പറയുന്നത്?

9.“ ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ ”

a. ദോഷങ്ങൾ വന്നു ഭവിക്കാൻ കാരണമെന്താണ് ?

b. ശ്രീരാമൻ ആരെയാണ് സാന്ത്വനിപ്പിക്കുന്നത് ?

10. “ചാഞ്ഞുകിടപ്പൂ കൊഞ്ചലോടെൻ മകളാം വീണപ്പെണ്ണും”

a. എവിടെയാണ് മകളെ കിടത്തിയിരിക്കുന്നത്?

b. ആരാണ് ഇങ്ങനെ പറയുന്നത്?

11. “ദീപക്കുറ്റികൾ നാട്ടിയിരിപ്പൂ”

a. ദീപക്കുറ്റികളായി കല്പിച്ചിരിക്കുന്നതാരെയാണ്?

b.വൈലോപ്പിള്ളിക്ക് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിച്ച കൃതിയേത്

12.“പാണ്ഡവർ യുദ്ധം കൊണ്ട് നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല.”

a. ആരാണ്ഇങ്ങനെ പറഞ്ഞത്?

b. ഏതാണ് ആ രത്നം?

13. “ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെ വയ്യ”

a. ആര് ആരെയാണ് പഴി പറയുന്നത്?

b. എവിടെ നിന്നാണ് മടങ്ങേണ്ടത്?

14.ആ സാധനം ഞാനെടുത്ത് ഒര് നമ്പറിട്ട് മാറ്റിവച്ചു. ”

a. ഈ പരാമർശം എന്തിനെക്കുറിച്ചായിരുന്നു ?

b. മത്തായി പണയവസ്തുവിന് ഇട്ട നമ്പർ എത്ര ?

15. “ആ ദുഷ്ടന്മാർ കൊടും ക്രൂരതകാട്ടി എന്റെ അച്ഛനെ വധിച്ചു”

a. ദുഷ്ടന്മാർ എന്നു വിശേഷിപ്പിച്ചതാരെയാണ് ?

b. ആരെയായിരുന്നു അച്ഛൻ എന്നു പരാമർശിച്ചത്?

16. “അതവിടെ ഇരുന്നോട്ടെ ചാക്കുണ്ണ്യേ തിരിച്ചു കൊണ്ടു പോവുമ്പോ നെനക്കെടുക്കാലോ. ”

a. ആരാണ് ഇങ്ങനെ പറഞ്ഞത് ?

b. ഈ വാക്യം ഉൾക്കൊള്ളുന്ന പാഠഭാഗം ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു ?

17 “കാലാഹിനാ പരിഗ്രസ്തമാം ലോകവു
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു”

a. എന്തിനെപ്പോലെയാണ് ലോകം ഭോഗങ്ങൾ തേടുന്നത്

b. എഴുത്തച്ഛന്റെ കൃതികളിൽ ഏറ്റവും കൂടുതൽ കാണുന്ന രസം ഏത് ?

18. “നീളം മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരിങ്ങിടു
മോണക്കോടിയുടുത്തൊരുഷസ്സേ ”

a. ഓണക്കോടിയുടുത്ത് നാണത്തോടെ വരുന്നതാര് ?

b. കവി ഭാവനയിൽ നീളും മലയുടെ ചങ്ങലവട്ടയിലെ നാളം ഏത് ?

19. “ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വെയ്ക്കുമ്പോൾ
ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.”

a. ഏതുകാരണം കൊണ്ടാണ് ചാക്കുണ്ണി റേഡിയോ പണയം വെയ്ക്കുന്നത്?

b. ഇ. സന്തോഷ്കുമാറിന്റെ ബാലസാഹിത്യ കൃതിയേത്?

20. “ഇടങ്കൈ കൊണ്ട് ഒരു പുൽക്കൊടിയെടുത്ത് ആ ദിവ്യാസ്ത്രം ആപാദിച്ച്
അപാണ്ഡവായ എന്ന് പറഞ്ഞു വിട്ടു.”

a. പുൽക്കൊടിയിൽ ആപാദിച്ചതായി പാഠഭാഗത്ത് പറയുന്ന അസ്ത്രമേത്?

b. അസ്ത്രം അർജ്ജുനന് ആരാണ് ഉപദേശിച്ചത്?

## II. പ്രയോഗം മാറ്റുക

1. തന്റെ കണക്കുപുസ്തകം മത്തായിയാൽ തുറക്കപ്പെട്ടു .
2. അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി.
3. കണക്കു പുസ്തകം മത്തായിയാൽ തുറക്കപ്പെട്ടു .
4. മണ്ണ് മൂടുന്നതിന് മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു
5. കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു .
6. ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി.
7. നിങ്ങൾ എന്റെ ജയത്തിനുവേണ്ടി ആവുന്നതൊക്കെ ചെയ്തു.
8. ബ്രഹ്മശിരസ്സ് ദ്രൗണിയാൽ പ്രയോഗിക്കപ്പെട്ടു.

## III. അംഗവാക്യം , അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക .

1. പുണ്യവും ത്രൈലോക്യ പ്രസിദ്ധിവുമായ സമന്തപഞ്ചകത്തിൽ കിടന്ന് മരിക്കുകയാൽ ഞാൻ ശാശ്വത ലോകങ്ങൾ നേടും .

2. ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കു ദ്രൗണി അയാളുടെ തലമുടിക്കു പിടിച്ചുവലിച്ചു താഴെയിട്ടു ചവിട്ടി .

3. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിനുചുറ്റും മുഴുകി .

4. പതിവില്ലാതെ അയാളെ ബസിൽ കണ്ടപ്പോൾ കണ്ടക്ടർ സുകുമാരൻ ചോദിച്ചു .

5. പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു .

6. ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു .

7. പ്രക്ഷേപണം തീരുന്നതുവരെ ആ വീട്ടിൽ നിന്ന് റേഡിയോയുടെ ശബ്ദം മുഴങ്ങി .

8. കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട്വെള്ളായിയപ്പൻ തന്റെ യാത്ര തുടർന്നു

9. അപ്പോൾ അയാളെ ഒടുക്കമൊന്ന് കാണുവാനായി സഞ്ജയൻ അവിടെ വന്നു.

10. ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാനിന്ന് ഇന്ദ്രനെപ്പോലെയായി.

11. രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണുംനിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

IV. വാക്യത്തിൽ തെറ്റ് ഉണ്ടെങ്കിൽ തിരുത്തുക .

1. വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ നാശമില്ലാത്ത അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു .

2. ഏതു യുദ്ധവും , ഏതു പേരിലും വ്യവസ്ഥയിലുമെല്ലാം തുടങ്ങിയാലും അവസാനം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും കലാശം എന്നല്ലാതെ മറ്റെന്താവാം

3. അപരിചിതരുടെ താല്പര്യരഹിതമായ സംഭാഷണം അനേകം എണ്ണമറ്റ കൊലക്കയറുകളായി മാറി .

4. കണ്ണീരിന്റെ ഓതം നനവായി തോർത്തിന്റെ കെട്ടിലൂടെ കുതിർന്നുപിടിക്കുന്നു .

5. ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ സാദരം അയാളെ ആദരവോടെ നോക്കി .

6. തയ്യൽപ്പണി ചെയ്തതിൽ നിന്ന് മിച്ചം വച്ച ബാക്കി കാശുകൊണ്ടായിരുന്നു ചാക്കുണ്ണി റേഡിയോ വാങ്ങിയത് .

7. തുന്നിയ നൂലുകൾ തന്നെ അയാൾ വല്ലാതെ പ്രയാസപ്പെട്ട് ബുദ്ധിമുട്ടി അഴിച്ചെടുത്തു .

8. പാറാവുകാരൻ സശ്രദ്ധം കടലാസിലെ വിവരങ്ങൾ ഒരിക്കൽ കൂടി ശ്രദ്ധയോടെ വായിച്ചു.

9. ഞാൻ ശിബിരത്തിൽ കടന്ന് പാളയത്തിൽ കാലനെപ്പോലെ പ്രവർത്തിക്കും

**V.** വാക്യത്തിൽ പ്രയോഗിക്കുക .

1. സ്വപ്രത്യയസ്ഥൈര്യം
2. ഉറപ്പുവരുത്തുക
3. ബലികഴിക്കുക
4. ആശ്വസിപ്പിക്കുക
5. കരുതിയിരിക്കുക
6. ലംഘിക്കുക
7. വല്ലപാടും
8. പ്രീണിപ്പിക്കുക
9. മുറതെറ്റിക്കുക
10. വ്യഥിതനായി
11. കാലനൂർ പൂകിക്കുക
12. മോഹാലസ്യപ്പെടുക

**VI.** കത്ത് തയ്യാറാക്കുക

1. നിങ്ങളുടെ നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിനെക്കുറിച്ച് പോലീസ് ഐ. ജി. ക്കുള്ള പരാതിക്കത്ത് തയ്യാറാക്കുക.
2. പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക
3. വർദ്ധിച്ചു വരുന്ന റോഡപകടങ്ങളെക്കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക .

**VII.** പത്രറിപ്പോർട്ട്

1. വീട്ടിൽ ഒറ്റപ്പെട്ടുപോയ വൃദ്ധദമ്പതികൾക്ക് സഹായഹസ്തവുമായി എത്തിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനപ്രവാഹം ഈ വിഷയത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക
2. ശക്തമായ മഴയിൽ വെള്ളം പൊങ്ങിയ പാറമടയിൽ വീണ രണ്ടുകുട്ടികളെ എട്ടാം ക്ലാസ്സുകാരൻ രക്ഷിച്ചിരിക്കുന്നു . ഈ വിഷയത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക